ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:20.07.2026**

## പ്രധാനവാർത്തകൾ

1. നീറ്റ് ചോദ്യ പേപ്പർ ചോർച്ച ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പാർലമെന്റിൽ പ്രതിപക്ഷ പ്രതിഷേധം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

2. കേരള ബാലസാഹിത്യ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. സന്തോഷ് ഏച്ചിക്കാനത്തിനും കെ.സച്ചിദാനന്ദനും ശ്രീജിത് പെരുന്തച്ചനും പുരസ്കാരം.

3. സ്വകാര്യ കമ്പനിയായ കോറോ ഫെൽത്തിൽ നിന്ന് പിരിച്ചുവിട്ട ജീവനക്കാർക്ക് അഞ്ചുമാസത്തെ ശമ്പളം കൂടി നൽകാൻ മന്ത്രി ബിന്ദു കൃഷ്ണയുടെ നേതൃത്വത്തിൽ നടത്തിയ യോഗത്തിൽ തീരുമാനം.

4. പാലക്കാട് നെന്മാറ ഇരട്ടക്കൊലക്കേസ് പ്രതി ചെന്താമരയ്ക്ക് വധശിക്ഷ. കണ്ണൂരിൽ ദന്തൽ കോളേജ് വിദ്യാർത്ഥി നിതിൻ രാജിന്റെ ആത്മഹത്യയിൽ അറസ്റ്റിലായ ഡോക്ടർ എം.കെ.റാമിനെ റിമാൻഡ് ചെയ്തു.

5. മനുഷ്യ-വന്യജിവി സംഘർഷ നിവാരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുടെ യോഗം നാളെ തിരുവനന്തപുരത്ത് ചേരും.

6. സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

**************************

RNUTVPM

## പാർലമെൻറ് വർഷകാല സമ്മേളനം

പാർലമെൻറ് വർഷകാല സമ്മേളനത്തിൻറെ ആദ്യ ദിനം, നീറ്റ് പേപ്പർ ചോർച്ച ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. രാവിലെ സമ്മേളിച്ച ലോക്സഭ അന്തരിച്ച മുൻ അംഗങ്ങൾക്കും ഖത്തർ മുൻ അമീറിനും ആദരാഞ്ജലികൾ അർപ്പിച്ചു. ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ തന്നെ കോൺഗ്രസ്, സമാജ് വാദി പാർട്ടി ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ നീറ്റ് ചോദ്യ പേപ്പർ ചോർച്ച ഉന്നയിച്ച് പ്രതിഷേധിച്ചു. തുടർന്ന് നിരവധി തവണ സഭ നടപടികൾ തടസപ്പെട്ടു. സുപ്രീം കോടതി ജഡ്ജിമാരുടെ എണ്ണം സംബന്ധിച്ച ഭേദഗതി ബിൽ 2026 കേന്ദ്ര മന്ത്രി അർജുൻ റാം മേഘ്‌വാൾ സഭയിൽ അവതരിപ്പിച്ചു. രാജ്യസഭയിലും സമാന സ്ഥിതിയായിരുന്നു. രാജ്യസഭയിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഇന്ന് സത്യപ്രതിജ്ഞ ചെയ്തു.

*************************

## സുരേഷ് ഗോപി - ഇ20

പെട്രോളിലെ എഥനോളിന്റെ അളവ് 20 ശതമാനത്തിൽ കൂടുതലാക്കാൻ തീരുമാനിച്ചിട്ടില്ലെന്ന് കേന്ദ്ര സർക്കാർ. ഇത് സംബന്ധിച്ച തീരുമാനം, വിശദമായ ശാസ്ത്രീയ പഠനങ്ങൾക്കും കൂടിയാലോചനകൾക്കും ശേഷം മാത്രമേ കൈക്കൊള്ളൂ എന്ന് കേന്ദ്ര പെട്രോളിയം സഹമന്ത്രി സുരേഷ്ഗോപി രാജ്യസഭയിൽ വ്യക്തമാക്കി.

*************************

## അക്കാദമി പുരസ്കാരങ്ങൾ

കേരള ബാലസാഹിത്യ അക്കാദമി 2026 ലെ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഉല്ലല ബാബു സ്മാരക ബാലസാഹിത്യ പുരസ്കാരത്തിന് സന്തോഷ് ഏച്ചിക്കാനവും പി ഐ ശങ്കരനാരായണൻ സ്മാരക ബാലസാഹിത്യ പുരസ്കാരം കെ

RNU TVPM

സച്ചിദാനന്ദനും കെ.വി.രാമനാഥൻ മാസ്റ്റർ സ്മാരക പുരസ്കാരം ശ്രീജിത് പെരുന്തച്ചനും നേടി. 20,001 രൂപയും പ്രശംസാപത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം. ഓഗസ്റ്റ് 8-ന് തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ നടക്കുന്ന ചടങ്ങിൽ കവി കെ.ജി. ശങ്കരപ്പിള്ള പുരസ്കാരങ്ങൾ വിതരണം ചെയ്യും.

*************************

## ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം -കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ശ്രീകണ്ഠപുരത്തെ നിർദ്ദിഷ്ട ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം പദ്ധതിയുടെ നിർമാണ പ്രവൃത്തി മന്ത്രി സണ്ണി ജോസഫ് വിലയിരുത്തി. പകൽ സമയം സൗരോർജ്ജം ബാറ്ററിയിൽ സ്റ്റോർ ചെയ്തു രാത്രി പീക്ക് സമയങ്ങളിൽ വിതരണം ചെയ്യുന്നതാണ് ഈ പദ്ധതി. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

*************************

## കോറോ ഹെൽത്ത്

സ്വകാര്യ കമ്പനിയായ കോറോ ഹെൽത്തിലെ കൊച്ചി, കോഴിക്കോട് ഓഫീസുകളിൽ നിന്ന് കൂട്ടപിരിച്ചുവിടലിന് വിധേയമാക്കപ്പെട്ട ജീവനക്കാർക്ക് അഞ്ചുമാസത്തെ ശമ്പളം കൂടി നൽകാൻ തീരുമാനം. മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് നടന്ന ചർച്ചയിലാണ് ധാരണയായത്. ഇതോടെ നേരത്തെ നൽകിയ രണ്ട് മാസത്തേത് ഉൾപ്പെടെ ഏഴുമാസത്തെ ശമ്പളം ജീവനക്കാർക്ക് ലഭിക്കും. ഈ മാസം 26-ന് മുൻപ് തന്നെ ഉറപ്പുനൽകിയ തുക കമ്പനി കൈമാറുമെന്ന് മന്ത്രി അറിയിച്ചു. തൊഴിൽ നഷ്ടപ്പെട്ട ജീവനക്കാർക്ക് മറ്റ് ഇടങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിന് വേണ്ട എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, റിലീവിംഗ് ലെറ്റർ ഉൾപ്പെടെയുള്ള രേഖകളും നൽകുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

**************************

## നിതിൻ രാജിന്റെ ആത്മഹത്യ

കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കോളേജ് വിദ്യാർത്ഥി നിതിൻ രാജിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഡോക്ടർ എം.കെ.റാമിനെ തലശേരി അഡീഷണൽ ജില്ലാ സെഷൻസ് കോടതി റിമാൻഡ് ചെയ്തു. കർണാടകയിലെ കുടകിൽ നിന്നാണ് ഇയാളെ പിടികൂടിയത്. പ്രതിയുടെ മുൻകൂർ ജാമ്യാപേക്ഷ സുപ്രീം കോടതി നേരത്തെ തള്ളിയിരുന്നു.

**************************

## നെന്മാറ ഇരട്ടക്കൊലക്കേസ്

പാലക്കാട് നെന്മാറ ഇരട്ടക്കൊലക്കേസ് പ്രതി ചെന്താമരയ്ക്ക് വധശിക്ഷ വിധിച്ച് പാലക്കാട് അഡീഷണൽ സെഷൻസ് കോടതി. 20 ലക്ഷം പിഴയടക്കണമെന്നും ഈ തുക കൊല്ലപ്പെട്ട സുധാകരന്റെ മക്കൾക്ക് നൽകണമെന്നും കോടതി ഉത്തരവിട്ടു. 2025 ജനുവരിൽ പോത്തുണ്ടി സ്വദേശികളായ സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെ കൊലപ്പെടുത്തിയ കേസിലാണ് വിധി.

RNUTVPM

**************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

**************************

## മനുഷ്യ-വന്യജീവി സംഘർഷം

മനുഷ്യ-വന്യജിവി സംഘർഷ നിവാരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുടെ യോഗം നാളെ തിരുവനന്തപുരത്ത് ചേരും. വനം മന്ത്രി ഷിബു ബേബിജോൺ യോഗം ഉദ്ഘാടനം ചെയ്യും. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി

കെ.എം.ഷാജി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വനാതിർത്തി പങ്കിടുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ഗ്രാമ പഞ്ചായത്തു പ്രസിഡന്റുമാർ, മുൻസിപ്പൽ ചെയർ പേഴ്സൺമാർ, കോർപ്പറേഷൻ മേയർമാർ തുടങ്ങിയവർ പങ്കെടുക്കും.

**************************

## സപ്ലൈകോ -പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിൽ രണ്ടാം വിള നെല്ലു സംഭരണത്തിലെ പി ആർഎസ് നടപടികൾ വേഗത്തിലാക്കാൻ കൂടുതൽ പാഡി മാർക്കറ്റിങ് ഓഫിസർമാർക്ക് അധികച്ചുമതല നൽകി സപ്ലൈകോ. ഈ മാസം 31ന് മുമ്പ് നടപടികൾ പൂർത്തിയാക്കേണ്ട സാഹചര്യത്തിലാണ് തീരുമാനം.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......**

(വോയ്സ്)

RNU TVPM

**************************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഇന്ന് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളത്തും, തൃശ്ശൂർ മുതൽ വയനാട് വരെയുള്ള ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്.

**************************

## പാലാ നഗരസഭ അവിശ്വാസ പ്രമേയം (ഇൻട്രോ)

പാലാ നഗരസഭയിൽ നാളെ നടക്കാനിരിക്കുന്ന അവിശ്വാസ പ്രമേയ ചർച്ചയ്ക്ക് മുൻപായി തർക്കങ്ങൾ പരിഹരിക്കാൻ ഡി.സി.സി നേതൃത്വം നടത്തിയ അനുരഞ്ജന ചർച്ചകൾ പരാജയപ്പെട്ടു. സ്വതന്ത്ര മുന്നണിയെ പിന്തുണയ്ക്കില്ലെന്ന ഉറച്ച നിലപാടിലാണ് കോൺഗ്രസ് കൗൺസിലർമാർ.

**വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ .......**

(വോയ്സ്)

**************************

## സ്റ്റുഡൻറ് പോലീസ് കേഡറ്റ്

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയിലേക്ക് പുതുതായി ഉൾപ്പെടുത്തുന്ന യൂണിറ്റുകളുടെ പ്രഖ്യാപനം മറ്റന്നാൾ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നിർവ്വഹിക്കും. ചടങ്ങിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റുകളെ തൂഫാൻ വാരിയേഴ്സായും പോൽ-ബ്ലഡ് അംബാസഡർമാരായും സൈബർ വാരിയേഴ്സായും മന്ത്രി പ്രഖ്യാപിക്കും. സ്റ്റുഡൻറ് പോലീസ് കേഡറ്റുകളുടെ സമഗ്രവും ഏകീകൃതവുമായ വിവരങ്ങൾ അടങ്ങിയ വെബ് പോർട്ടലിൻറെ പ്രകാശനം പൊതുവിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ദീൻ നിർവ്വഹിക്കും.

RNUTVPM

**************************

## ബാലവേല

ബിഹാറിൽ നിന്ന് ബാലവേലയ്ക്കായി പെരുമ്പാവൂരിൽ എത്തിച്ച ഒൻപത് കുട്ടികളെ ആർപിഎഫ് മോചിപ്പിച്ചു. പാറ്റ്ന-എറണാകുളം എക്സ്പ്രസ്സിൽ എത്തിച്ച കുട്ടികളെയാണ് ആർപിഎഫ് ഉദ്യോഗസ്ഥർ കണ്ടെത്തിയത്. സംഭവവുമായി ബന്ധപ്പെട്ട് ബിഹാർ ഗോപാൽഗഞ്ച് സ്വദേശിയായ സുനിൽ മോണ്ടൽ, സരൺ സ്വദേശിയായ

ഡബ്ലുനാഥ് എന്നിവരെ ആർപിഎഫ് അറസ്റ്റ് ചെയ്തു. കേസിലുൾപ്പെട്ട മലയാളി ഏജന്റിന് വേണ്ടിയുള്ള അന്വേഷണം പുരോഗമിക്കുകയാണ്.

**************************

## അയോധ്യ ശ്രീരാമക്ഷേത്രഫണ്ട്- എസ്.സി

അയോധ്യ ശ്രീരാമക്ഷേത്ര സംഭാവന ക്രമക്കേട് സംബന്ധിച്ച് അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കാനാകുമോ എന്ന കാര്യത്തിൽ നിർദ്ദേശം തേടാൻ സുപ്രീം കോടതി സോളിസിറ്റർ ജനറലിനോട് ആവശ്യപ്പെട്ടു.

*****************************************************************************************************

**************************

RNU TVPM